# Deepika

## 27 August 2018

## Kochi; After Flood, Nedumbassery Airport Reopens

# കൊച്ചി വിമാനത്താവളം സാധാരണനിലയിൽ

**നെടുമ്പാശേരി:** വെള്ളപ്പൊക്കത്തെത്തുടർന്നു രണ്ടാഴ്ചയോളം അടച്ചിട്ട നെടുമ്പാശേരി അന്താരാഷ്ട്ര വിമാനത്താവളം പൂർണതോതിൽ പ്രവർത്തനം പുനരാരംഭിച്ചു. ഇന്നലെ ഉച്ചകഴിഞ്ഞു 2.06ന് അഹമ്മദാബാദിൽനിന്ന് ഇൻഡിഗോ 6ഇ 667 വിമാനമാണു പുനരുദ്ധാരണശേഷം ആദ്യമെത്തിയത്. 3.25ന് ബംഗളൂരുവിലേക്കുള്ള ഇൻഡിഗോ വിമാനം വിമാനത്താവളത്തിൽനിന്ന് ആദ്യമായി പറന്നുയർന്നു.

വൈകിട്ട് 4.30ന് മസ്കറ്റിൽനിന്നുള്ള ജെറ്റ് എയർവേസ് വിമാനമാണ് അന്താരാഷ്ട്ര ടെർമിനലിൽ ആദ്യമെത്തിയത്. ഇന്നലെ അർധരാത്രി വരെ 33 ലാൻഡിംഗും 30 ടേക് ഓഫും നടന്നു. ഒരു സർവീസ് പോലും റദ്ദു ചെയ്തിട്ടില്ല. വിമാനങ്ങൾ എത്തിത്തുടങ്ങിയതോടെ സിയാൽ വീണ്ടും തിരക്കിലായി.

ആദ്യ ടേക് ഓഫിൽ അപ്രതീക്ഷിതമായി ഒരു വിഐപി യാത്രക്കാരനുണ്ടായിരുന്നു. കോൺഗ്രസ് അധ്യക്ഷൻ രാഹുൽ ഗാന്ധി. സംസ്ഥാനത്തെ പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിച്ചശേഷം ഇന്നലെ ഉച്ചയോടെ ഹെലികോപ്റ്ററിൽ വിമാനത്താവളത്തിലെത്തിയ രാഹുൽ 3.25നുള്ള ഇൻഡിഗോ വിമാനത്തിൽ ബംഗളൂരുവിലേക്കു പോയി.

പെരിയാർ കരകവിഞ്ഞു റൺവേയിൽ വെള്ളം കയറിയതിനെത്തുടർന്നു 15നു പുലർച്ചെയാണു വിമാനത്താവളം അടച്ചത്.




പ്രളയശേഷം വീണ്ടും പ്രവർത്തനമാരംഭിച്ച കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ ആദ്യമെത്തിയ അഹമ്മദാബാദിൽനിന്നുള്ള ഇൻഡിഗോ വിമാനത്തിൽനിന്നു യാത്രക്കാരിറങ്ങുന്നു.